# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2592** 12.02.2019-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ കുട്ടികൾക്കായി കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പതിനാറിലധികം ആദിവാസി കോളനികളുള്ള കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി കോതമംഗലത്ത് സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി, വാടകയും മറ്റ് അനുബന്ധ ചെലവുകളുമടക്കം നല്കിയിട്ടുള്ള പ്രൊപ്പോസൽ പരിഗണനയിലാണോ; പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി) | കോതമംഗലത്ത് ആൺകുട്ടികൾക്കായി സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വരുന്നു. |
| സി) | വടാശ്ശേരിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | സി) | കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വടാശ്ശേരിയിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് താൽക്കാലികമായി 5 വർഷത്തേക്ക് വിട്ട് നൽകുവാനുള്ള പഞ്ചായത്തിന്റെ തീരുമാനം ലഭ്യമായിട്ടുണ്ട്. |
| ഡി) | എങ്കിൽ പ്രസ്തുത കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | പ്രസ്തുത കെട്ടിടം വകുപ്പിന് കൈമാറുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**